## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1703**

**05-12-2014 ൽ മറുപടിയ്ക്ക്**

### നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടി

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നെൽകൃഷി വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതിന് ഫലം കണ്ടോ എന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര ഹെക്ടർ നെൽപ്പാടമായിരുന്നു തരിശ്ശു കിടന്നിരുന്നത് എന്ന് വ്യക്തമാക്കാമോ; തരിശ്ശു കിടന്ന നെൽപ്പാടങ്ങളിൽ എത്ര ഹെക്ടർ സ്ഥലത്ത് അധികമായി ഇപ്പോൾ കൃഷി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്ത് നെൽകൃഷി വ്യാപിപ്പിക്കുന്ന-തിനായി 2011-2012 വർഷം 8408.836 ലക്ഷം രൂപ, 2012-2013 വർഷം 9562.95 ലക്ഷം രൂപ, 2013-2014 വർഷം 11240.47 ലക്ഷം രൂപയും വിവിധ നെൽകൃഷി വികസന പദ്ധതികൾ കർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ നടപ്പിലാക്കുകയുണ്ടായി. 2014-2015 വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി ( സുസ്ഥിര നെൽകൃഷി വികസനം -180000 ഹെക്ടറിലേക്ക് സംസ്ഥാന വിഹിതമായി 2700 ലക്ഷം രൂപയും, ആർ.കെ.വി.വൈ പദ്ധതി പ്രകാരം 5400 ലക്ഷം രൂപയും നെൽകൃഷി വികസന ഏജൻസികൾക്ക് ഉള്ള ധന സഹായ-ത്തിനായി 150 ലക്ഷം രൂപയും, പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിനായി 2000 ഹെക്ടറിന്200 ലക്ഷം രൂപയും, പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി 302 ലക്ഷം രൂപയും, വകയിരുത്തി നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ പൊക്കാളി നെൽകൃഷി വികസന പദ്ധതി പ്രകാരം 695 ഹെക്ടർ സ്ഥലത്തേക്കായി 69.5 ലക്ഷം രൂപ, പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 166.67 ഹെക്ടർ തരിശ്ശുനില നെൽകൃഷി വികസനത്തിനായി 50 ലക്ഷം രൂപയും വകയിരുത്തി പദ്ധതികൾ നടപ്പിലാക്കിവരുന്നു. നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിയതുവഴി

കർഷകർ നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന നെൽകൃഷിയുടെ വിസ്തീർണ്ണത്തിൽ സാധാരണയിൽ കാണുന്ന കുറവിന് മാറ്റമുണ്ടായിട്ടുണ്ട്. നെൽകൃഷിയിൽ ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത് മൂലം കർഷകർക്ക് ആകർഷണീയമായ ഉൽപ്പാദനവും ലാഭവും ലഭിക്കുന്നുണ്ട്. ഇത്തരം നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ മേൽത്തരം ഗുണമേന്മയുള്ള, അതാത് സ്ഥലങ്ങൾക്കനുയോജ്യമായ വിത്തുകൾ ഉണ്ടാക്കുന്നതിനും സ്വയം പര്യാപ്തത ആയിട്ടുണ്ട്. പാലക്കാട് ജില്ല കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യസുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുന്നതുകൊണ്ട് ഉൽപ്പാദനം ഗണ്യമായി കൂടിയിട്ടുണ്ട്. സംസ്ഥാനത്തെ കൃഷിഭവനുകളിൽ തയ്യാറാക്കിയ കരട് ഡേറ്റാ ബാങ്ക് പ്രകാരം 19386.5 ഹെക്ടർ തരിശ്ശ് നിലമാണ് സംസ്ഥാനത്ത് കണക്കാക്കിയിട്ടുള്ളത്. കഴിഞ്ഞ 3 വർഷങ്ങളായി 6416.7 ഹെക്ടർ തരിശ്ശുഭൂമിയിൽ കൃഷി വകുപ്പ് മുഖാന്തിരം നെൽകൃഷി നടപ്പിലാക്കുകയുണ്ടായി. 2014-2015 വർഷം ആർ.കെ.വി,വൈ. പദ്ധതി യിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 1550 ഹെക്ടർ തരിശ്ശുഭൂമിയിൽ ഹെക്ടറിന് 11500 രൂപ സബ്സിഡി നിരക്കിൽ നെൽകൃഷി ചെയ്യുന്നതിനുള്ള 178.25 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനും പുറമേ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 166.67 ഹെക്ടർ തരിശ്ശുനില നെൽകൃഷി വികസന പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) തരിശ്ശ് കിടന്ന നെൽപ്പാടങ്ങളിൽ കൃഷിയിറക്കാൻ കർഷകർക്ക് സഹായം നൽകാറുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ ഏജൻസികൾ വഴി ഇങ്ങനെ സഹായം നൽകുന്നുണ്ട്; എന്തൊക്കെ സഹായങ്ങളാണ് നൽകാറുള്ളതെന്നു വിശദമാക്കാമോ;

(ബി) നൽകാറുണ്ട്. കൃഷി വകുപ്പ് മുഖാന്തിരവും ജനകീയാസൂത്രണ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും സഹായം നൽകുന്നുണ്ട്. തരിശായി കിടക്കുന്ന വയലുകളൊറ്റ പ്രാവശ്യം എം.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം കൃഷിക്കനുയോജ്യമാക്കി കൊടുക്കുന്നു. (കുറ്റിക്കാടുകൾ നീക്കം ചെയ്യുക, മണ്ണ് ഇളക്കുക, മണ്ണ് നിരപ്പാക്കൽ) ഇതിനും പുറമേ ഉൽപ്പാദനോപാധികളുടെ ചെലവ് വഹിക്കുന്നതിനുമുള്ള സഹായങ്ങളാണ് നൽകുന്നത്.

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ വർഷം നെൽകൃഷിയിറക്കി കടക്കെണിയിലായ കർഷകരുടെ എണ്ണം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കർഷകർ ഇത്തരത്തിൽ കടക്കെണിയിലായി എന്ന് വ്യക്തമാക്കാമോ; ഇവർ കൃഷി ചെയ്ത് നഷ്ടത്തിലായതിന്റെ കാരണം പഠിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) യും (ഡി) യും (ഇ) യും | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | ഇത്തരത്തിൽ നെൽകൃഷി ചെയ്ത് കടത്തിലായ കർഷകകുടുംബങ്ങൾക്ക് എന്തെങ്കിലും ധനസഹായം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | | |
| (ഇ) | അടുത്ത കൃഷിയിറക്കാൻ ഇവർക്ക് മുൻകൂറായി എന്തൊക്കെ സഹായങ്ങൾ ചെയ്തു കൊടുക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.